ഭരണഭാഷ – മാതൃഭാഷ

<u>അടിയന്തിരം / സമയബന്ധിതം</u>

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ.DTETVM/2865/2026-D3 (PA) തീയതി: 13-04-2026

<u>പരിപത്രം</u>

വിഷയം:- വിദ്യാഭ്യാസം - സാങ്കേതികം - 2026-27 സാമ്പത്തിക വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് - പ്ലാൻ പ്രൊപ്പോസലുകൾ സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന :- 04-04-2026 ലെ സർക്കാർ കത്ത് നം. K2/48/2026-HEDN.

2026-2027 സാമ്പത്തിക വർഷത്തെ ആദ്യ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് (First Departmental Working Group Meeting) യോഗം ഉടൻ ചേരുമെന്നും അതിനാൽ പ്രസ്തുത വർക്കിങ് ഗ്രൂപ്പിൽ സമർപ്പിക്കുന്നതിനുള്ള പ്ലാൻ പ്രൊപ്പോസലുകൾ (എല്ലാ വിധത്തിലും പൂർണ്ണമായവ) ബന്ധപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് സെക്ഷനുകളിൽ ലഭ്യമാക്കുന്നതിന് സൂചന (1) പ്രകാരം സർക്കാർ നിർദ്ദേശിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ <u>2026-2027 സാമ്പത്തിക വർഷത്തെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിക്കേണ്ട പരിപൂർണ്ണമായ പ്ലാൻ പ്രൊപ്പോസലുകൾ, **ആറ് ഹാർഡ് കോപ്പികൾ വീതം 17.04.2026** നോ അതിനു മുൻപായോ ഈ കാര്യാലയത്തിൽ ലഭ്യമാക്കുന്നതിന് വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും നിർദ്ദേശം നൽകുന്നു.</u>

പ്രൊപ്പോസലുകൾ തയ്യാറാക്കുമ്പോൾ ആയതിലെ എല്ലാ അനുബന്ധ രേഖകളിലും (എസ്റ്റിമേറ്റ്, ഇൻവോയ്സ് ഉൾപ്പെടെയുള്ളവ) സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തേണ്ടതാണ്.നിർമ്മാണപ്രവൃത്തികളുമായി ബന്ധപ്പെട്ടുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കുമ്പോൾ താഴെ പറയുന്ന രേഖകൾ കൃത്യമായും പ്രൊപ്പോസലിനോടൊപ്പം ഉൾപ്പെടുത്തി സമർപ്പിക്കേണ്ടതാണ് .

(1)PWD യിൽ നിന്നുള്ള എസ്റ്റിമേറ്റ് (എസ്റ്റിമേറ്റ് റിപ്പോർട്ട്, അബ്സ്ട്രാക്ട് എസ്റ്റിമേറ്റ്, ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് എന്നിവ സഹിതം) സമർപ്പിക്കേണ്ടതാണ്. ഇത് സിവിൽ പ്രവൃത്തികൾ ക്ക് DSoR 2021, ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് DSoR 2022 എന്നിവ അടിസ്ഥാനമാക്കിയുള്ളതായിരിക്കണം. പ്രസ്തുത എസ്റ്റിമേറ്റുകൾ സ്ഥാപനമേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.

(2)സ്ഥാപനതല പർച്ചേസ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ്, നീതീകരണ കുറിപ്പ്.

(3)മുൻ വർഷങ്ങളിലെ ബാക്കി പ്രവൃത്തികൾ (Balance work) ചെയ്യേണ്ടുന്ന പ്രൊപ്പോസലുകളോടൊപ്പം ആദ്യ ഭരണാനുമതി ഉത്തരവ് /ഉത്തരവുകളുടെ പകർപ്പുകൾ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് (UC), കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവ കൂടി ഉള്ളടക്കം ചെയ്യേണ്ടതാണ്.

(4)സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസികൾ മുഖേനയുള്ള പ്രവൃത്തികൾക്ക്, പ്രസ്തുത ഏജൻസികളിൽ നിന്നുമുള്ള സർക്കാർ അംഗീകൃത റേറ്റുകൾ പ്രകാരമുള്ള പ്രൊഫോർമാ ഇൻവോയിസുകൾ പ്രൊപ്പോസലിനോടൊപ്പം സമർപ്പിക്കേണ്ടതാണ് .

പ്രൊപ്പോസലുകളുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്ന നിശ്ചിത എക്സൽ (Excel) ഫോർമാറ്റിൽ തയ്യാറാക്കിയ സോഫ്റ്റ് കോപ്പി **dtepurchasea@gmail.com** എന്ന ഇ-മെയിൽ വിലാസത്തിലേക്ക് അയച്ചുതരേണ്ടതാണ്

**Name of Institution:-**

**1.** Head of Account:
Budget Provision: (in Lakhs)

| Serial Number | Name Of the Proposal | Estimate Amount (In Lakhs) | Additional remarks from HOD, if any |
|---|---|---|---|
| 1 | | | |
| 2 | | | |
| 3 | | | |
| 4 | | | |
| ... | | | |
| ..... | | | |
| .......... | | | |
| Grand Total (In Lakhs) : | | | |

***(For each head of account, a new table may be created as follows)***

**2.** Head of Account:
Budget Provision: (in Lakhs)

| Serial Number | Name Of the Proposal | Estimate Amount (In Lakhs) | Additional remarks from HOD, if any |
|---|---|---|---|
| 1 | | | |
| 2 | | | |
| 3 | | | |
| 4 | | | |
| Grand Total (In Lakhs) : | | | |

വർക്കിംഗ് ഗ്രൂപ്പ് പ്രൊപ്പോസലുകൾ അടിയന്തരമായി ഈ കാര്യാലയത്തിൽ നിന്നും സർക്കാരിലേക്ക് സമർപ്പിക്കേണ്ടതിനാൽ, **17.04.2026**-നോ അതിനു മുൻപായോ തന്നെ പ്രൊപ്പോസലുകൾ സമയബന്ധിതമായി ഈ ഓഫീസിൽ ലഭ്യമാക്കാൻ എല്ലാ സ്ഥാപനമേധാവികളും പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

Digitally signed by
Jayaprakash P
Date: 13-04-2026
12:57:30

**Dr JAYAPRAKASH P**

**DIRECTOR**

**13-04-2026**

പകർപ്പ്:

1.ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്ക് (**www.dtekerala.gov.in** എന്ന വെബ്സൈറ്റ് മുഖാന്തിരം).

2.സീനിയർ ജോയിന്റ് ഡയറക്ടർ (ഇ.സി.എസ്) ന്റെ സി.എ, ഡി.ടി.ഇ

3.സീനിയർ ജോയിന്റ് ഡയറക്ടർ (പി.എസ്) ന്റെ സി.എ, ഡി.ടി.ഇ

4.സീനിയർ ഫിനാൻസ് ഓഫീസറുടെ സി.എ, ഡി.ടി.ഇ

5. അക്കൌണ്ട്സ് ഓഫീസർ (ജനറൽ), ഡി.ടി.ഇ.

6. സൂപ്രണ്ട്, പർച്ചേസ് (എ), (ബി) സെക്ഷൻ ഡി.ടി.ഇ

7. സൂപ്രണ്ട്, പ്ലാനിംഗ് സെക്ഷൻ, ഡി.ടി.ഇ.

8.സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ്.